**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4097** **03-03-2023 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി താലൂക്ക് ഭക്ഷ്യ സംഭരണ കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിന് കീഴിൽ എത്ര റേഷൻ ഉപഭോക്താക്കളും എത്ര റേഷൻ കടകളുമുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കൊണ്ടോട്ടി താലൂക്ക് സപ്ലൈ ഓഫീസിനു കീഴിൽ **465233** റേഷൻ ഉപഭോക്താക്കളും 121 റേഷൻ കടകളും ഉണ്ട്. |
| (ബി) | ഈ റേഷൻ കടകളിലേക്ക് ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ ലഭ്യമാക്കുന്നത് ഏതെല്ലാം ഗോഡൗണുകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | തിരൂരങ്ങാടി NFSA ഗോഡൗണിൽ നിന്നുമാണ് റേഷൻ വിതരണം നടത്തുന്നത്. |
| (സി) | കൊണ്ടോട്ടി താലൂക്കിൽ നാഷണൽ ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള ഓഫീസും ഭക്ഷ്യ സംഭരണ ഗോഡൗണും നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | കൊണ്ടോട്ടി താലൂക്കിന്റെ പരിധിയിൽ എൻ.എഫ്.എസ്.എ ഗോഡൗൺ നിർമ്മിക്കുവാനായി റവന്യൂ ഭൂമി ലഭ്യമല്ലെന്ന് തഹസിൽദാർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഉടമസ്ഥതയിലുള്ള ഭൂമി ആവശ്യപ്പെട്ട് കൊണ്ട് കത്ത് നൽകിയിരുന്നെങ്കിലും വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമേ സ്ഥലം അനുവദിക്കുകയുള്ളുവെന്ന് യൂണിവേഴ്സിറ്റി അറിയിക്കുകയുണ്ടായി. ടി സ്ഥലം അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. കിൻഫ്ര പാർക്ക്, കാക്കഞ്ചേരിയുടെ കീഴിലുള്ള സ്ഥലം കണ്ടെത്തിയിരുന്നുവെങ്കിലും ആയത് വ്യാവസായിക ആവശ്യങ്ങൾക്ക് മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് കിൻഫ്ര അധികൃതർ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചിട്ടില്ല. ഫുഡ് സേഫ്റ്റി ആക്ട് പ്രകാരമുള്ള ഓഫീസ് സ്ഥാപനം ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. |

സെക്ഷൻ ഓഫീസർ